# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

**2020 മാർച്ച് 28, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

ആമുഖമായി കേരളത്തിൽ ഇന്ന് എറണാകുളം ജില്ലയിൽ രോഗബാധിതനായ ഒരാൾ മരണമടഞ്ഞതായും ഇന്ന് 6 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതും, അതിൽ തിരുവനന്തപുരം ജില്ലയിൽ 2, കൊല്ലം, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നിന്ന് ഓരോരുത്തർക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. ചികിത്സയിലായിരുന്ന 4 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ടെന്നും അറിയിച്ചു. രോഗം സ്ഥിരീകരിച്ച 165 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 201 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 134370 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 133750 പേർ വീടുകളിലും 620 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 6067 സാമ്പിളുകൾ പരിശോധിച്ചതിൽ 5276 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

നിരീക്ഷണത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്കും വീടുകളിലും ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. കാസർഗോഡ് ജില്ലയ്ക്കായി പ്രത്യേകമായി ഉണ്ടാക്കിയ മാർഗ്ഗരേഖയെകുറിച്ച് വിശദമായ വിശകലനം നടത്തി. ഇതിൽ കോവിഡ്കെയർ സെന്ററുകൾക്കായും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾക്കായും കോവിഡ് ആശുപത്രികൾക്കായും രോഗികളുടെ മാനേജ്മെന്റിനായുള്ള മാർഗ്ഗരേഖയെ കുറിച്ച് അറിയിച്ചു. കാസർഗോഡ് ജില്ലയിലെ ആശുപത്രികളിൽ ലഭ്യമായ കിടക്കകളുടെ എണ്ണം, നിരീക്ഷണത്തിനായി ലഭ്യമായ കിടക്കകളുടെ എണ്ണവും ഐ സി യു കളുടെ എണ്ണവും ശേഖരിച്ചതായും അദ്ദേഹം അറിയിച്ചു. കാസർഗോഡ് ജില്ലാഭരണകൂടവുമായും ജില്ലയിലെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ചകൾ നടത്തിയതായും അറിയിച്ചു. കാസർഗോഡിനെ സഹായിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ആശുപത്രികളിലും വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയതായി അദ്ദേഹം അറിയിച്ചു. രോഗം സംശയിക്കുന്നവരുടെ എണ്ണം കൂടി വരുന്നതിനാൽ ആയുഷിന്റെ കീഴിലുള്ള ആശുപത്രികളേയും കോവിഡ്കെയർ സെന്ററുകളായി പ്രയോജനപ്പെടുത്താമെന്നും ഇതിനായി ആയുഷ് ആശുപത്രികളിൽ ലഭ്യമായ കിടക്കകളുടെ എണ്ണം ശേഖരിച്ചതായും അിറയിച്ചു.

## വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

എൻ- 95 മാസ്കുകൾ ആവശ്യത്തിന് സ്റ്റോക്കുണ്ടെന്നും ഇതിന്റെ വിതരണത്തിനായി 3 കമ്പനികൾ കൂടി എത്തിയിട്ടുണ്ടെന്നും ഇത് വിമാന മാർഗ്ഗം എത്തിച്ച് തരാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. വ്യക്തിസുരക്ഷ ഉപകരണങ്ങളുടെ സ്റ്റോക്ക് കുറവാണ്. ഇത് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്തിട്ടുണ്ട്. അവർ എച്ച് എൽ എൽ വഴി ഇതിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞതായി അറിയിച്ചിട്ടുണ്ട്. 7 പി സി ആർ മെഷീനുകൾ രണ്ട് ദിവസത്തിനുള്ളിൽ ലഭ്യമാകും. കെ എം എസ് സി എൽ - ന് 300 കോടി രൂപ അധികമായി നൽകേണ്ടിവരും. അഡ്വാൻസ് തുക നൽകിയാൽ സംസ്ഥാനത്തിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻ കഴിയും. ഇങ്ങനെ ആയാൽ കൂടുതൽ വെന്റിലേറ്ററുകൾ വേഗത്തിൽ വാങ്ങാൻ സാധിക്കും. 150 ടൺ ഓക്സിജൻ പാലക്കാട് ജില്ലയിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നും 16 പോയിന്റുകളിൽ എത്തിച്ച് നൽകാമെന്നും ഒരു സ്വകാര്യ കമ്പനി അറിയിച്ചിട്ടുണ്ട്.

## പ്ലാനിംഗ് ബോർഡ് മെമ്പർ

ചെറുവത്തൂരുള്ള തണൽ എന്ന സ്ഥാപനം കാസർഗോഡ് ഉള്ളവർക്കായി ഡയാലിസ്സിസ് നടത്തുന്നതിനായി അധികമായി ഒരു ഷിഫ്റ്റ് കൂടി നൽകാം എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന നെഫ്രോപ്ലസ് എന്ന സ്ഥാപനം സ്ഥലസൗകര്യം ഒരുക്കിയാൽ അവിടെ ഡയാലിസ്സിസിനുള്ള സൗകര്യങ്ങൾ ചെയ്തുതരാമെന്ന് അറിയിച്ചിട്ടുണ്ട്. നോൺ ഇൻവാസീവ് വെന്റിലെറ്ററുകൾക്കായി ഒരു മാർഗ്ഗരേഖ തയ്യാറാക്കണം. സംസ്ഥാനത്ത് ആകെ 9 ടെസ്റ്റിംഗ് കേന്ദ്രങ്ങൾ മാത്രമാണുള്ളത്. ഇവിടെ നിന്ന് പരിശോധന ഫലങ്ങൾ ലഭ്യമാകുന്നതിന് സമയം എടുക്കുന്നുണ്ട്. ഇതു പരിഹരിക്കുന്നതിനായി റാപ്പിഡ് ടെസ്റ്റുകളുടെ ഉപയോഗം പ്രയോജനപ്പെടുത്താവുന്നതാണ്. നിരീക്ഷണത്തിലുള്ള എല്ലാവരേയും റാപ്പിഡ് ടെസ്റ്റുകൾ ഉപയോഗിച്ച് പരിശോധിക്കാവുന്നതാണ്.

## ചീഫ് സെക്രട്ടറി

ഉന്നത വിദ്യാഭ്യസ വകുപ്പിനുകീഴിൽ 14 പി സി ആർ മെഷീനുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇവയ്ക്ക് ആവശ്യമായ കിറ്റുകൾ 7 ദിവസത്തിനുള്ളിൽ ലഭ്യമാകും.

## ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി

അപ്പോളോ ആശുപത്രി കേരളത്തിനായി പതിനായിരം ടെസ്റ്റ് കിറ്റുകൾ സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

## ഡയറക്ടർ - പൊതു അദ്ധ്യാപനം

പത്താം ക്ലാസിലേയും പന്ത്രണ്ടാം ക്ലാസുകളിലേയും പരീക്ഷ നിർത്തിവച്ചിരിക്കുന്നതിനാൽ ചോദ്യപേപ്പറുകൾ തിരിച്ചെടുക്കേണ്ട ആവശ്യമുണ്ടോയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

കൊറോണ ബാധിതർ കിടന്നിരുന്നതടക്കം 67 ആശുപത്രികൾ അണുവിമുക്തമാക്കിയെന്നും സിവിൽ ഡിഫൻസ് വോളന്റിയർമാരെ ഉപയോഗിച്ച് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കഴിയുന്നവർ അതിഥി തൊഴിലാളികൾ എന്നിവർക്ക് ഭക്ഷണവും മരുന്നും എത്തിച്ച് കൊടുത്തതായും ഡി ജി പി, ഫയർ ആന്റ റെസ്ക്യു സർവ്വീസ് അറിയിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. ചില വീടുകളിൽ പത്രമിടാൻ റസിഡന്റ്സ് അസ്സോസിയേഷനുകൾ സമ്മതിക്കുന്നില്ല. അതു പാടില്ല. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്)**
2. മലബാർ കാൻസർ സെന്ററിൽ വ്യക്തിസുരക്ഷാ ഉപകരണങ്ങളുടെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കണം. **(ചുമതല - ആരോഗ്യ വകുപ്പ്)**
3. ലോക് ഡൗണിനുശേഷം സംസ്ഥാനത്ത് സെപ്റ്റിക് ടാങ്കുകളുട ശുചീകരണത്തിനായി തൊഴിലാളികളെ ലഭിക്കുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പ് വേണ്ട നടപടി സ്വീകരിക്കണം **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
4. ആദിവാസികളുടെ ഇടയിൽ സാധാരണ സർക്കാർ ഉദ്യോഗസ്ഥരൊടൊപ്പം അവരുടെ ഇടയിൽ നിന്നുള്ള വിദ്യാസമ്പന്നരെയും പരിശീലനം നടത്തി ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ആദിവാസി ഊരുകളിൽ ആവശ്യമുള്ള സാധനങ്ങൾ എത്രയും പെട്ടെന്ന് എത്തിക്കേണ്ടതാണ്. **(ചുമതല- എസ് സി/ എസ് ടി വകുപ്പ്, ഭക്ഷ്യ വകുപ്പ്)**
5. അരി, പലവ്യഞ്ജനം എന്നിവ സൗജന്യമായി നൽകാനായി തെരഞ്ഞെടുക്കപ്പെട്ടവരിൽ ആർക്കെങ്കിലും അത് ആവശ്യമില്ലെങ്കിൽ നമ്മെ ഒരു സന്ദേശം മുഖാന്തിരം അറിയിക്കാനുള്ള സംവിധാനം ഒരുക്കണം **(ചുമതല - ഭക്ഷ്യസുരക്ഷ വകുപ്പ്)**
6. ചില സംസ്ഥാനങ്ങൾ രോഗം സ്ഥിരീകരിച്ചവരുടെ വിവരങ്ങൾ പരസ്യപ്പെടുത്താറുണ്ട്. കേരളത്തിൽ എങ്ങനെ വേണമെന്ന് വിദഗ്ദ്ധ സമിതി പരിശോധിക്കണം **(ചുമതല വിദഗ്ദ്ധ സമിതി )**
7. കമ്മ്യൂണിറ്റി കിച്ചൻ വഴി ഭക്ഷണം അർഹതയുള്ളവർക്കുമാത്രം നൽകുന്നു എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. അവിടെ ഭക്ഷണം പാകം ചെയ്യാൻ വരുന്നവർ മാത്രം എത്തിയാൽ മതി. ഇവിടെ ആൾക്കൂട്ടം നിയന്ത്രിക്കേണ്ടതാണ്. പാചകതൊഴിലാളികൾ ഇതിന് സന്നദ്ധരാണെങ്കിൽ ജോലിയ്ക്ക് അവരെ ഉപയോഗിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് കമ്മ്യൂണിറ്റി കിച്ചന് വേണ്ട ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഭക്ഷണം വിതരണം ചെയ്യാൻ വിതരണക്കാരെ കണ്ടെത്തണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
8. ദുരിതാശ്വാസ നിധിയിലേക്ക് വ്യവസായികളായ ശ്രീ. യൂസഫലി 10 കോടി, ശ്രീ. രവി പിള്ള (റാവിസ് ഗ്രൂപ്പ്) 5 കോടി, മലബാർ ഗോൾഡ് 2 കോടി, കല്യാൺ ഗ്രൂപ്പ് 2 കോടി എന്നിങ്ങനെ സംഭാവന നൽകിയിട്ടുണ്ട്. റാവിസ് ഗ്രൂപ്പിന്റെ കീഴിലുള്ള ആശുപത്രികളും വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ട്. **(ചുമതല ആരോഗ്യ വകുപ്പ്)**
9. വേഗപരിശോധന കേരളത്തിൽ നടത്തേണ്ടതാണ്. അതിനാവശ്യമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**
10. അതിഥി തൊഴിലാളികളുടെ കാര്യത്തിൽ നാം കുറച്ചുകൂടി ഊർജ്ജിതമായി ഇടപെടേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്ക് കേരളം ഇക്കാര്യത്തിൽ ഉറപ്പു നൽകിയിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്നുമുള്ള ജോലിക്കാരെ ഇവിടെ